# കോവിഡ്

## ദുർബല വിഭാഗക്കാർക്കുള്ള പ്രത്യേക ആശയവിനിമയ പ്രവർത്തനങ്ങൾ

**ലക്ഷ്യം**

കേരളത്തിലെ ദുർബലവിഭാഗക്കാരായ പട്ടികജാതി പട്ടികവർഗ്ഗം, തീരദേശ നിവാസികൾ, ലക്ഷം വീട് കോളനികൾ, അഗതി കുടുംബങ്ങൾ, സ്നേഹിത കോളിങ് ബെൽ കുടുംബങ്ങൾ, എന്നിവർക്ക് കോവിഡ് സംബന്ധിച്ചുള്ള അറിയിപ്പും അറിവും നല്കുന്നതിനായുള്ള പ്രത്യേക ആശയ വിനിമയ ഇടപെടലുകൾ സംഘടിപ്പിക്കൽ

**പ്രാധാന്യം**

ലോകത്തിലെ കോവിഡ് വ്യാപനത്തിന്റെ ആശങ്ക നിലനിൽക്കെ ഇന്ത്യയിൽ ലോക്ക് ഡൌൺ നീട്ടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിജാഗ്രതയോടെ മുഴുവൻ വയോജനങ്ങളും, കുട്ടികളും വീട്ടിൽ തന്നെ ഇരിക്കുക എന്ന തീരുമാനമാണ് നിലനിൽക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നാന്പത് ലക്ഷത്തോളം വയോജനങ്ങളുടെ സുരക്ഷിതത്വം വളരെയേറെ പ്രധാന്യത്തോടെയാണ് ഇക്കാലയളവിൽ കാണുന്നത്. പൊതുവെ എല്ലാ ആരോഗ്യ സന്ദേശങ്ങളും കേരളത്തിൽ മികച്ച രീതിയിൽ നടക്കുന്നുണ്ടെങ്കിലും, ദുർബല വിഭാഗക്കാർക്കിടയിൽ ആശയവിനിമയം ഒന്നുകൂടി മെച്ചപ്പെട്ട രീതിയിൽ ഉണ്ടാകേണ്ടതുണ്ട്. പ്രത്യേക പരിഗണന നൽകി ഇത്തരം വിഭാഗങ്ങളിലെ മുഴുവൻ ആളുകൾക്കും ഉചിതമായ അറിവുകളും സന്ദേശങ്ങളും നൽകി മികച്ച രീതിയിൽ കോവിഡ് പ്രതിരോധപ്രവർത്തങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനായി വ്യത്യസ്ത സംവിധാനങ്ങളെ ഉപയോഗിച്ച് എല്ലാ ഘട്ടത്തിലും ആവശ്യമായ വിവരവിജ്ഞാന വ്യാപനം സംഘടിപ്പിക്കുന്നതിന് ഏറെ പ്രാധാന്യം ഇന്നുണ്ട്.

**പ്രധാനപ്പെട്ട ദുർബലവിഭാഗക്കാർ**

- **പട്ടികവർഗ്ഗ വിഭാഗം**: കേരളത്തിലെ ജനസംഖ്യയുടെ 1.5 ശതമാനം മാത്രമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾ 37 വിഭാഗങ്ങളിലായിട്ടാണ് അറിയപ്പെടുന്നത്. തനതു സംസ്കാരവും, ഭാഷയും, നാട്ടറിവുകളും ഉള്ളവരാണ്. കേരളത്തിൽ 5700 നടുത്ത് ഊരുകളിലായിട്ടാണ് പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്നത്. കൂടാതെ ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളും കേരളത്തിലുണ്ട്.
- **പട്ടികജാതി വിഭാഗം**: കേരളത്തിലെ 9.1 ശതമാനം ജനവിഭാഗം പട്ടികജാതി വിഭാഗമാണ്. ഇവരുടെ ആവാസ വ്യവസ്ഥ പട്ടികവർഗ്ഗ വിഭാഗക്കാരുടേത് പോലെയല്ലെങ്കിലും ഏറ്റവും ദുരിതമനുഭവിക്കുന്ന കോളനികളിലായി അധിവസിക്കുന്ന പട്ടികജാതി വിഭാഗക്കാർ ഉണ്ട്. 53 വിഭാഗങ്ങളിലായാണ് ഇവർ അധിവസിക്കുന്നത്.കൂടാതെ ചിതറിക്കിടക്കുന്ന രീതിയിൽ അധിവസിക്കുന്ന പട്ടികജാതി വിഭാഗക്കാരും കേരളത്തിലുണ്ട്.

- **തീരദേശ നിവാസികൾ** : കേരളത്തിലെ 9 ജില്ലകൾ തീരദേശ ജില്ലകളാണ്. കേരളത്തിന്റെ തീരപ്രദേശങ്ങൾ വിവിധ തലത്തിലുള്ള മതപരമായും പ്രത്യേകതയുള്ളതാണ്. തീരദേശ നിവാസികളിൽ മൽസ്യബന്ധനം, മൽസ്യ സംസ്കരണം, മൽസ്യ വിപണനം എന്നിങ്ങനെ ഉപജീവനം ഉള്ളവരാണ് അധികവും. ഒറ്റമുറി വീടുകളിൽ അധിവസിക്കുന്ന ഒരുപാട് കുടുംബങ്ങൾ ഇന്നും തീരദേശ മേഖലയിൽ ഇന്നുണ്ട്.
- **അഗതി കുടുംബങ്ങൾ**: സംസ്ഥാന സർക്കാരിന്റെ ആശ്രയ അഗതി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ വളരെയേറെ ദുരിതമനുഭവിക്കുന്നവരാണ്. കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അഗതി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിലായി ഏകദേശം 1,54,858 കുടുംബങ്ങൾ ഉണ്ട് ഇതിൽ 1,14,000 പേരും വയോജനങ്ങളാണ്.
- **സ്നേഹിതാ കോളിങ് ബെൽ :** ഒറ്റപ്പെട്ട് അധിവസിക്കുന്ന പ്രത്യേക പരിഗണന പ്രത്യേക പരിഗണന ലഭിക്കേണ്ട 54,136 കുടുംബങ്ങൾ കേരളത്തിൽ ഉണ്ട്. ഇവരിൽ പണക്കാരും പാവപ്പെട്ടവരും ഉണ്ട്. പക്ഷെ ആരും സ്ഥിരം പരിചരണമോ സുരക്ഷിതത്വമോ ഇല്ലാത്ത കുടുംബങ്ങളാണ്. ഇവർ ഒറ്റ് താമസിക്കുന്നതിന്റെ ദുർബലത ഇവരെ പ്രത്യേക പരിഗണന വിഭാഗമായി ഉൾക്കൊള്ളേണ്ടതുണ്ട്.

**പ്രവർത്തനങ്ങൾ**

1. **പട്ടികവർഗ്ഗ വിഭാഗക്കാർ**

- തനതു ഭാഷയിലെ സന്ദേശങ്ങൾ പ്രോത്സാഹിപ്പിക്കൽ
  - ഫോൺ വഴി അനിമേറ്റർമാർ, പ്രൊമോട്ടർമാർ
  - വീഡിയോ സന്ദേശം  പ്രധാന വ്യക്തിത്വങ്ങളുടെ സഹായത്തിൽ
  - ശബ്ദ സന്ദേശം പ്രധാന വ്യക്തിത്വങ്ങളുടെ സഹായത്തിൽ
- കുടുംബശ്രീ അനിമേറ്റർമാരുടെ ഭവന സന്ദർശനം
  - വയോജന കുടുംബങ്ങളിലേക്ക് മാത്രം
- ഊരുകളിൽ പോസ്റ്റർ പതിപ്പിക്കൽ
  - കുടുംബശ്രീ സംവിധാനം വഴി
  - ഊരുകൂട്ട സംവിധാനം വഴി
  - പ്രാദേശിക സംഘടനകൾവഴി
- പ്രാദേശിക സംവിധാനത്തിന്റെ നേതൃത്വം വഴിയുള്ള ഭവന സന്ദർശനം

**2. പട്ടികജാതി കുടുംബങ്ങൾ**

- പ്രൊമോട്ടർമാർ വഴിയുള്ള ഇടപെടലുകൾ
  - പോസ്റ്റർ പതിപ്പികൾ
  - ഫോൺ സന്ദേശങ്ങൾ നൽകൽ
  - വീഡിയോ, ശബ്ദ സന്ദേശം തയാറാക്കി നൽകൽ
- പ്രാദേശിക സംഘടനകൾ വഴിയുള്ള ഇടപെടലുകൾ
  - കുടുംബശ്രീ പ്രവർത്തകരിലേക്ക് സന്ദേശം നൽകൽ
  - പൊതുവിടങ്ങളിൽ പോസ്റ്റർ പതിപ്പിക്കൽ

**3. തീരദേശ നിവാസികൾ**

- കോസ്റ്റൽ വോളണ്ടീയർ വഴിയുള്ള ആശയ വിനിമയ പ്രവർത്തനങ്ങൾ
  - ഫോൺ വിളിക്കൽ
  - സന്നദ്ധ പ്രവർത്തകരെ കൊണ്ട് ഫോൺ വിളിപ്പിക്കൽ
  - അയൽക്കൂട്ട തല ആശയ പ്രചാരണം
- സ്ഥാപന/ സംഘടന മേധാവികൾ വഴിയുള്ള ആശയവിനിമയ പ്രവർത്തനങ്ങൾ
  - പ്രാദേശിക കൂട്ടായ്മയുടെ മേലധികാരികളുടെ സന്ദേശങ്ങൾ

**4. അഗതി കുടുംബങ്ങൾ & സ്നേഹിതാ കാളിങ് ബെൽ കുടുംബങ്ങൾ**

- നിത്യേനയുള്ള ഫോൺ വിളികൾ
  - റിസോഴ്സ് പേഴ്സൺമാർ
  - അനിമേറ്റർമാർ
  - പ്രൊമോട്ടർമാർ
  - കോസ്റ്റൽ വോളന്റീയർ
  - കുടുംബശ്രീ സി ഡി എസ് മെമ്പർ മാർ
  - സന്നദ്ധ പ്രവർത്തകർ
- കുടുംബങ്ങൾ സന്ദർശിച്ചുള്ള ആശയവിനിമയം (ആവശ്യ ഘട്ടത്തിൽ)
  - അയൽവക്ക കുടുംബങ്ങൾ
  - കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ
  - സന്നദ്ധ പ്രവർത്തകർ

## വയോജനങ്ങളെ കേന്ദ്രീകരിച്ചു നൽകേണ്ട പ്രത്യേക സന്ദേശങ്ങൾ

**സന്ദേശം (1)**

*"കോവിഡ് മൂലമുള്ള രോഗ ഭീഷണിയുടെ വ്യാപനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാണ് ഇപ്പോൾ ഏറ്റവും പ്രാധാന്യം നൽകുന്നത്. മറ്റു അസുഖങ്ങൾ ഉള്ളതുകൊണ്ട് രോഗ പ്രതിരോധ ശേഷി കുറവായതിനാൽ പ്രായമായവരിൽ കൊറോണ വരുന്നതിനും കൂടുതൽ ബുദ്ധിമുട്ടുണ്ടാകാനും സാധ്യത ഉണ്ട്. ഇതിനാൽ വീട്ടിലുള്ള എല്ലാവരും കരുതലയോടെയും ആവശ്യമായ സുരക്ഷിതത്തോടെയും ആരോഗ്യം സംരക്ഷികേണ്ടതുണ്ട്.ഇതിനാൽ സർക്കാർ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും പാലിച്ചു കൊണ്ട് ആവശ്യമായ എല്ലാ മുൻകരുതലുകളോടെ വീടിനുള്ളിൽ തന്നെ കഴിയേണ്ടതാണ്."*

**സന്ദേശം (2)**

*കൊറോണ വ്യാപനമുണ്ടായാൽ ഏറ്റവും കൂടുതൽ ബാധിക്കാൻ സാധ്യതയുള്ള വയസ്സിനുമുകളിൽ ഉള്ളവർക്ക് പ്രത്യേകം കരുതൽ ആവശ്യമാണ്. പ്രധാനപ്പെട്ട അഞ്ചു കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ*

- *ഒന്ന് പരമാവധി വീടിനു പുറത്തിറങ്ങാതിരിക്കുക*
- *രണ്ട് പുറത്തു പോയി വന്നവരുമായി നേരിട്ട് സമ്പർക്കത്തിൽ ഇടപെടാതിരിക്കുക*
- *മൂന്ന് പുറത്തു നിന്ന് കൊണ്ടുവരുന്ന സാധനങ്ങൾ തൊടാതിരിക്കുക, തൊടുന്നുണ്ടെങ്കിൽ ഉടൻ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുക*
- *നാല് അയൽ വീടുകളുമായുള്ള സമ്പർക്കം പൂർണമായും ഒഴിവാക്കുക*
- *അഞ്ച് ഏതെങ്കിലും തരത്തിലുള്ള രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ വൈദ്യസഹായം തേടുക.*

**സന്ദേശം (3)**

*60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് കോവിഡ് ഭീഷണി കൂടുതലാണ്. കോവിഡ് ഭീഷണി നേരിടാനും വയോജനങ്ങളുടെ മാനസികാരോഗ്യം നിലനിർത്താനും വേണ്ട മുൻകരുതലുകൾ നിർബന്ധമായും ഉണ്ടാകേണ്ടതുണ്ട്.*

1. *തിരക്കുള്ളയിടങ്ങളിൽ പ്രായമായവർ പോകാതെ ശ്രദ്ധിക്കുക*
2. *കുടുംബാംഗങ്ങളോടൊപ്പം സമയം ചെലവഴിക്കുക*
3. *വിനോദങ്ങളിൽ ഏർപ്പെടുക*
4. *വ്യായാമം ചെയ്യുക*
5. *ദിനചര്യകളിൽ ഏർപ്പെടുക*
6. *പ്രിയപ്പെട്ടവരുമായി സംവദിക്കുക*
7. *നല്ലഭക്ഷണവും വെള്ളവും കഴിക്കുക.*
8. *ആവശ്യത്തിന് ഉറങ്ങുക*
9. *വീടിനുള്ളിൽത്തന്നെ കഴിയുക*

**സന്ദേശം 4 …..12 (പിന്നീട് തയ്യാറാക്കി നൽകും)**

**സന്ദേശങ്ങൾ പ്രചാരണ രീതി**

- പട്ടികവർഗ്ഗ മേഖലയിൽ തനതുഭാഷയിൽ സന്ദേശങ്ങൾ തയ്യാറാക്കേണ്ടതാണെങ്കിൽ അവ തയ്യാറാക്കുന്നതിന് ഭാഷ വിദഗ്ധരെ ഉപയോഗിക്കുക
- മലയാളം ഉപയോഗിക്കുന്നവരുടെ ഇടയിലേക്ക് അത്തരത്തിൽ തന്നെ സന്ദേശങ്ങൾ നൽകൽ
- ശബ്ദ സന്ദേശം തയ്യാറാക്കി വാട്സ്ആപ്, ഫേസ് ബുക്ക് വഴി പ്രചരിപ്പിക്കുക ( അതാത് വിഭാഗം, പ്രാദേശിക കൂട്ടായ്മകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ)
- വീഡിയോ സന്ദേശം (മൊബൈലിൽ) തയ്യാറാക്കി പ്രാദേശിക കൂട്ടായ്മകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവ് നൽകൽ
- പ്രാദേശിക സെലിബ്രിറ്റീസ് വീഡിയോ സന്ദേശം തയ്യാറാക്കി നൽകൽ
- സ്ഥാപന സംഘടന മേധാവികൾ ( തീരദേശം, ഊരുകൂട്ടങ്ങൾ) എന്നിവരുടെ സന്ദേശം തയ്യാറാക്കി നൽകൽ
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ വീഡിയോ സന്ദേശങ്ങൾ തയ്യാറാക്കി നൽകൽ

പട്ടികവർഗ്ഗ വിഭാഗങ്ങളും ഭാഷയും

| നം | പട്ടികവർഗ്ഗ വിഭാഗം | തനതു ഭാഷ | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ | ഉൾപ്പെടുന്ന ജില്ലകൾ |
|---|---|---|---|---|---|
| 1 | കൊറഗ | തുളു, കന്നഡ | 550 | 1809 | കാസറഗോഡ് |
| 2 | മാവിലൻ | മാവില | 7736 | 31166 | കാസറഗോഡ് കണ്ണൂർ |
| 3 | മലവേട്ടുവ | വേട്ടുവ | 4259 | 18364 | കാസറഗോഡ് |
| 4 | മറാത്തി | മറാത്തി | 8153 | 31568 | കാസറഗോഡ് |
| 5 | മലകുടിയ | കുടിയ | 195 | 911 | കാസറഗോഡ് |
| 6 | പണിയ | പണിയ | 21390 | 92048 | കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം |
| 7 | കുറിച്യ | കുറിച്യ | 8358 | 35892 | കണ്ണൂർ, വയനാട്, കോഴിക്കോട് |
| 8 | കരിമ്പാല | കരിമ്പാല | 3764 | 14757 | കണ്ണൂർ, വയനാട്, കോഴിക്കോട് |
| 9 | കാട്ടുനായ്ക്കർ | കാട്ടുനായ്ക്ക | 5136 | 19991 | വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് |
| 10 | ഊരാളി | ഊരാളി | 1894 | 6823 | വയനാട്, ഇടുക്കി |
| 11 | കുറുമ | കുറുമ | 5139 | 20983 | വയനാട് |
| 12 | അടിയ | അടിയ | 2570 | 11196 | വയനാട് |
| 13 | മുതുവാൻ | മുതുവ | 5020 | 18881 | കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി, എറണാകുളം |
| 14 | കാടർ | കാടർ | 545 | 1974 | കോഴിക്കോട്, തൃശൂർ, പാലക്കാട് |
| 15 | ചോലനായ്ക്കർ | ചോലനായ്ക്ക | 101 | 409 | മലപ്പുറം |
| 16 | മലയൻ | മലയ | 1267 | 4201 | പാലക്കാട് |
| 17 | എരവാളൻ | എരവാള, തമിഴ് | 1254 | 4412 | പാലക്കാട് |
| 18 | മുഡുഗ | മുഡുഗ, തമിഴ് | 1272 | 4659 | പാലക്കാട് |
| 19 | ഇരുളർ | ഇരുള, തമിഴ് | 7614 | 26512 | പാലക്കാട് |
| 20 | മഹാമലസർ | മലസ | 586 | 2172 | പാലക്കാട് |
| 21 | മന്നാൻ | മന്നാൻ | 2477 | 9237 | എറണാകുളം, ഇടുക്കി |
| 22 | മലവേടർ | മലവേടർ | 1216 | 4343 | കോട്ടയം, പത്തനംതിട്ട, കൊല്ലം |
| 22 | മലമ്പണ്ടാരം | മലമ്പണ്ടാര | 499 | 1605 | പത്തനംതിട്ട, കൊല്ലം, |
| 23 | കാണിക്കാർ | കാണി | 5849 | 19358 | കൊല്ലം, തിരുവനന്തപുരം |
| | | | **96844** | **383271** | |

# കോവിഡ് 19

## ദുർബലവിഭാഗക്കാർക്കുള്ള പ്രത്യേക ആശയവിനിമയ പ്രവർത്തനങ്ങൾ

**വിഭാഗം : തീരപ്രദേശത്തുള്ള കുടുംബങ്ങൾ**

**ആശയ വിനിമയ രീതി : പ്രാദേശിക സംഘടന സംവിധാനം വഴിയുള്ള ആശയ പ്രചാരണം**

| നം | പ്രധാന പ്രവർത്തനങ്ങൾ | ഉപ/അനുബന്ധ പ്രവർത്തനങ്ങൾ | രീതിശാസ്ത്രം | പൂർത്തീകരിക്കുന്ന തീയതി | ചുമതല | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | ആശയ സന്ദേശങ്ങൾ തയ്യാറാക്കൽ | ആശയ സന്ദേശങ്ങൾ ശേഖരിക്കൽ (ആരോഗ്യ സംബന്ധമായവ) | 1. ആരോഗ്യ വകുപ്പ് വെബ്സൈറ്റ്<br>2. കോവിഡ് (സർക്കാർ ഉത്തരവുകൾ) | 06.05.2020 | സ്റ്റേറ്റ് മിഷൻ | |
| | | ആശയ സന്ദേശങ്ങൾ തയ്യാറാക്കൽ | പ്രത്യേകം എഴുതി തയ്യാറാക്കൽ | 09.05.2020 | | |
| | | ആശയ സന്ദേശങ്ങളുടെ അംഗീകാരം | | 11.05.2020 | | |
| 2 | ജില്ലാ തല ടീമിനുള്ള പരിശീലനം | പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ | ടീം തല ചർച്ച - എഴുതി തയ്യാറാക്കൽ | 11.05.2020 | സ്റ്റേറ്റ് മിഷൻ | പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം |
| | | മോണിറ്ററിങ് രീതി തയ്യാറാക്കൽ | ഗൂഗിൾ സ്പ്രെഡ് ഷീറ്റ് സംവിധാനം തയ്യാറാക്കൽ | 13.05.2020 | | |
| | | പരിശീലനം | ഓൺലൈൻ പരിശീലനം, വാട്സാപ് ഗ്രൂപ്പ് കാൾ | 13.05.2020 | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | പ്രധാനപ്പെട്ട വാട്സ്ആപ്, സാമൂഹ്യ മാധ്യമ കൂട്ടായ്മ കത്തൽ | കുടുംബശ്രീ സംവിധാനം ജാതി സംഘടനകൾ മറ്റുകൂട്ടായ്മകൾ കത്തെൽ | വാട്സാപ് | 14.05.2020 | കോസ്റ്റൽ വോളീയർ | 1. കത്തെിയ കൂട്ടായ്മകളുടെ എണ്ണം<br>2. കൂട്ടായ്മയിലെ അംഗങ്ങളുടെ എണ്ണം |
| 4 | കോസ്റ്റൽ വോളീയർക്കും, പ്രദേശിക സംഘടന നേതൃത്വത്തിനുമുള്ള പരിശീലനം | പരിശീലനം | ഓൺലൈൻ പരിശീലനം, വാട്സാപ് ഗ്രൂപ്പ് കാൾ | 14.05.2020. | ജില്ലാ മിഷൻ ടീം | പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം |
| 7 | സന്ദേശങ്ങൾ തയ്യാറാക്കൽ | വീഡിയോ സന്ദേശം തയ്യാറാക്കൽ, ശബ്ദ സന്ദേശം തയ്യാറാക്കൽ | മൊബൈൽ | 14.05.2020 | കോസ്റ്റൽ വോളീയർ | |
| 8 | സന്ദേശങ്ങളുടെ പ്രചാരണം | കൂട്ടായ്മകൾക്ക് നൽകൽ | വാട്സാപ്, ഫേസ് ബുക്ക് | 15.05.2020 | കോസ്റ്റൽ വോളീയർ, പ്രദേശിക സംഘടന നേതൃത്വം | 1. കുടുംബശ്രീക് നൽകിയ സന്ദേശങ്ങളുടെ എണ്ണം<br>2. മറ്റു കൂട്ടായ്മക് നൽകിയ സന്ദേശങ്ങളുടെ എണ്ണം<br>3. മൈക്ക് അനൗൺസ്മെന്റ് പോയിന്റുകളുടെ എണ്ണം<br>എണ്ണം |
| | | നേരിട്ട് പ്രചരിപ്പിക്കൽ | മൈക്ക് അനൗൺസ്മെന്റ് | | | |

## കോവിഡ് 19

## ദുർബലവിഭാഗക്കാർക്കുള്ള പ്രത്യേക ആശയവിനിമയ പ്രവർത്തനങ്ങൾ

**വിഭാഗം : പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആശയ വിനിമയ പ്രവർത്തനം**

**ആശയ വിനിമയ രീതി : തനതുഭാഷയിലുള്ള സന്ദേശ പ്രചാരണം**

| നം | പ്രധാന പ്രവർത്തനങ്ങൾ | ഉപ/അനുബന്ധ പ്രവർത്തനങ്ങൾ | രീതിശാസ്ത്രം | പൂർത്തീകരിക്കുന്ന തീയതി | ചുമതല | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | തനതു ഭാഷ അറിയുന്നവരെ കത്തെുന്നതിനുള്ള നിർദ്ദേശം നൽകൽ | ജില്ലാമിഷനുകളിലെ ട്രൈബൽ ഡി പി എം കൾക്ക് നിർദ്ദേശം നൽകൽ | ഇമെയിൽ | 04.05.2020 | സ്റ്റേറ്റ് മിഷൻ | |
| | | വാട്സാപ്പ് സന്ദേശം നൽകൽ | ഫോൺ | | | |
| 2 | ആശയ സന്ദേശങ്ങൾ തയ്യാറാക്കൽ | ആശയ സന്ദേശങ്ങൾ ശേഖരിക്കൽ (ആരോഗ്യ സംബന്ധമായവ) | 1. ആരോഗ്യ വകുപ്പ് വെബ്സൈറ്റ്<br>2. കോവിഡ് (സർക്കാർ ഉത്തരവുകൾ) | 08.05.2020 | സ്റ്റേറ്റ് മിഷൻ | |
| | | ആശയ സന്ദേശങ്ങൾ തയ്യാറാക്കൽ | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ളത് പ്രത്യേകം എഴുതി തയ്യാറാക്കൽ | 09.05.2020 | | |
| | | ആശയ സന്ദേശങ്ങളുടെ അംഗീകാരം | | 11.05.2020 | | |
| 3 | തനതു ഭാഷ അറിയുന്നവരെ കത്തെി ലിസ്റ്റ് തയ്യാറാക്കൽ | | ജില്ലാ മിഷൻ തല വിവരശേഖരണം ക്രോഡീകരണം | 10.05.2020 | സ്റ്റേറ്റ് മിഷൻ | |
| 4 | ജില്ലാ തല ട്രൈബൽ ടീമിനുള്ള പരിശീലനം | പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ | ടീം തല ചർച്ച - എഴുതി തയ്യാറാക്കൽ | 11.05.2020 | സ്റ്റേറ്റ് മിഷൻ | പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം |
| | | മോണിറ്ററിങ് രീതി തയ്യാറാക്കൽ | ഗൂഗിൾ സ്പ്രെഡ് ഷീറ്റ് | 13.05.2020 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | സംവിധാനം തയ്യാറാക്കൽ | | | |
| | | പരിശീലനം | ഓൺലൈൻ  പരിശീലനം,<br>വാട്സാപ് ഗ്രൂപ്പ് കാൾ | 13.05.2020 | | |
| 5 | പട്ടികവർഗ്ഗ അനിമേറ്റർമാർക്കും, ഭാഷ വിദഗ്ധർക്കുമുള്ള പരിശീലനം | പരിശീലനം | ഓൺലൈൻ  പരിശീലനം,<br>വാട്സാപ് ഗ്രൂപ്പ് കാൾ | 14.05.2020 | ജില്ലാ മിഷൻ ട്രൈബൽ ടീം | പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം |
| 6 | സന്ദേശങ്ങൾ തനതു ഭാഷയിലേക്ക് തർജ്ജിമ ചെയ്യൽ | | എഴുതി തയ്യാറാക്കൽ<br>സംസാരിച്ചു മനസ്സിലാക്കൽ | 12.05.2020 | ഭാഷ വിദഗ്ധർ | |
| 7 | പ്രധാനപ്പെട്ട വാട്സ്ആപ്, സാമൂഹ്യ മാധ്യമ കൂട്ടായ്മ കണ്ടെത്തൽ | കുടുംബശ്രീ സംവിധാനം<br>ഊരുകൂട്ടങ്ങൾ<br>ജാതി സംഘടനകൾ<br>ഊരിലെ മാറ്റുകൂട്ടായ്മകൾ കണ്ടെത്തൽ | വാട്സാപ് | 13.05.2020 | പട്ടികവർഗ്ഗ അനിമേറ്റർമാർ | 1. കണ്ടെത്തിയ കൂട്ടായ്മകളുടെ എണ്ണം<br>2. കൂട്ടായ്മയിലെ അംഗങ്ങളുടെ എണ്ണം |
| 7 | സന്ദേശങ്ങൾ തയ്യാറാക്കൽ | വീഡിയോ സന്ദേശം തയ്യാറാക്കൽ,<br>ശബ്ദ സന്ദേശം തയ്യാറാക്കൽ | മൊബൈൽ | 14.05.2020 | ഭാഷ വിദഗ്ധർ | |
| 8 | സന്ദേശങ്ങളുടെ പ്രചാരണം | കൂട്ടായ്മകൾക്ക് നൽകൽ | വാട്സാപ്, ഫേസ് ബുക്ക് | 15.05.2020 | പട്ടികവർഗ്ഗ അനിമേറ്റർമാർ, പ്രൊമോട്ടർമാർ | 1. കുടുംബശ്രീക് നൽകിയ സന്ദേശങ്ങളുടെ എണ്ണം<br>2. മറ്റു കൂട്ടായ്മ് നൽകിയ സന്ദേശങ്ങളുടെ എണ്ണം<br>3. നേരിട്ട് നൽകിയ സന്ദേശങ്ങളുടെ എണ്ണം |
| | | നേരിട്ട് പ്രചരിപ്പിക്കൽ | ഊരുകളിൽ ലഭ്യമായവർ വഴി മറ്റുള്ളവർക്ക് | | | |